7

# സാക്ഷരത


പറയാത്തവ 2

ശാപം 4

ദീപം 5

അക്ഷരവാനം 7
മുല്ലനേഴി

ഒപ്പന 8
എ.കെ.ദിനേശൻ

ഓട്ടൻതുള്ളലുകൾ
പനങ്ങാട് പി.കെ. തങ്കപ്പൻപിള്ള

മത്തായിക്കൊരു കത്ത് 9

സാക്ഷരത 12

അക്ഷരം 13
സി.പി.അബുബക്കർ

മത്തായിക്കൊരു കത്ത് 14

തുടിപ്പാട്ട് 16

ചോദ്യക്കളി 16
മുല്ലനേഴി

കുറവർ കളി 16
പി.കെ.തങ്കപ്പൻപിള്ള

തിറയാട്ടം 17
പി.കെ.തങ്കപ്പൻപിള്ള

അ ആ ഇ ഈ 19

കിങ്ങിണിക്കൂട്ടം 19
എ.സുഹൃത്ത്കുമാർ

അക്ഷരലോകം 20
മുല്ലനേഴി

അക്ഷരവാനം 20
മുല്ലനേഴി

പുതിയ പാട്ട് 21
ഏഴാച്ചേരി
സായിപ്പു പോയി എസ്.പി.എൻ. മഞ്ചേരി

## പറയാത്തവ

(കോറസ് വീടും ടെലിവിഷനും രൂപപ്പെടുത്തി നിൽക്കുന്നു. വീടിന്റെ രൂപത്തിന് കൈകൾ മുകളിൽ കോർത്തു പിടിച്ചിരിക്കുന്നു. ടി.വി.ക്കു പുറകിൽ ഒരാൾ ഇരിക്കുന്നു. നാടകം തുടങ്ങുമ്പോൾ ടെലിവിഷനിൽ വാർത്തയുടെ അവസാനഭാഗം. അശ്രദ്ധയായി വാർത്ത കേൾക്കുന്ന മകൻ. വാർത്ത ശ്രദ്ധിക്കുന്ന നിരക്ഷരരായ അമ്മ)

വാർത്ത: അവസാനമായി പ്രധാനവാർത്തകൾ ഒരിക്കൽ കൂടി. പഞ്ചാബിൽ പട്ട്യാലക്കടുത്ത് ഒരു ഗ്രാമത്തിൽ ഒരു കുടുംബത്തിലെ 6 അംഗങ്ങളെ തീവ്രവാദികൾ വെടിവെച്ചു കൊന്നു. കൊല്ലപ്പെട്ടവരിൽ 2 സ്ത്രീകളും 3 കുട്ടികളുമുണ്ടായിരുന്നു. ഇന്ത്യയുടെ ഐക്യവും അഖണ്ഡതയും കാത്തു സൂക്ഷിക്കുവാൻ ഭാരതീയരോട് രാഷ്ട്രപതി ആഹ്വാനം ചെയ്തു. വാർത്തകൾ കഴിഞ്ഞു. നമസ്കാരം. (മകൻ ടി.വി. ഓഫ്ചെയ്യുന്നു)

അമ്മ: ഈ പഞ്ചാബ് എന്നു പറഞ്ഞാ എവട്യാ മോനേ?

മകൻ: ഉം. എന്തേ?

അമ്മ: എന്തിനാ അവടെ എന്നുമെന്നും ങ്ങനെ ആൾക്കാരെ കൊല്ലുന്നത്.

മകൻ: അതൊക്കെ വിഘടനവാദികളുടെ പണിയാണമ്മേ.

അമ്മ: ന്ന് പറഞ്ഞതാ ആരാ?

മകൻ: ഇന്ത്യയിൽ നിന്നും വേറിട്ടുപോകണംന്ന് പറയുന്നോര്.

അമ്മ: അപ്പൊ! ഈ ഇന്തീം പഞ്ചാബും തമ്മിൽ എന്താ ബന്ധം?

മകൻ: നല്ലചോദ്യം. എങ്ങന്യാ അമ്മെ അത് പറഞ്ഞു മനസ്സിലാക്കുന്നത്. അതൊക്കെ പത്രം വായിച്ചാലേ മനസ്സിലാവു. അതിന് അമ്മക്ക് പത്രം വായിക്കാനറിഞ്ഞിട്ടുവേണ്ടേ? അമ്മേ... അതായത്... ഈ ഇന്ത്യയും പഞ്ചാബും എന്നു പറഞ്ഞാല്. അമ്മയ്ക്കതൊന്നും മനസ്സിലാവില്ല.

അമ്മ: (ആത്മഗതം) അമ്മക്കതൊന്നും മനസ്സിലാവില്ല.

കോറസ്: അമ്മക്ക് ഒന്നും മനസ്സിലാവില്ല. (3 തവണ ഉച്ചത്തിൽ പറയുന്ന)
അമ്മ അകത്തേക്കുപോകുന്നു.

### സീൻ 2

(അച്ഛനും മകനും സംസാരിച്ചുകൊണ്ടു വരുന്നു)

അച്ഛൻ: നീ എന്തൊക്കെ പറഞ്ഞാലും ഈ സാക്ഷരതാ പ്രവർത്തനത്തോടു യോജിക്കാൻ എനിക്കവില്ല.

മകൻ: അതെന്താ.

അച്ഛൻ: സാക്ഷരത ഒരു വികസന പ്രവർത്തനമല്ല. വികസന പ്രവർത്തനങ്ങൾ ഉൽപാദനപരമായിരിക്കണം.

(അമ്മ വരുന്നു. സംഭാഷണം ശ്രദ്ധിച്ചു നിൽക്കുന്നു)

മകൻ: അച്ഛനെന്താ IMFന്റെ ഭാഷ സംസാരിക്കുന്നത്!

അച്ഛൻ: ഞാനെന്റെ ഭാഷയിലാ സംസാരിക്കുന്നത്. നീയെന്താ IMFഎന്നൊക്കെ പറയുന്നത്.

മകൻ: അച്ഛാ സാക്ഷരത മാത്രമല്ല ഏത് സാമൂഹ്യപ്രവർത്തനവും ഉൽപാദനപരമല്ല എന്നു പറയുന്നത് IMFഉം ലോകബാങ്കുമാണ്. അതുകൊണ്ട് ഇപ്പോൾ മൂന്നാം ലോകരാജ്യങ്ങളൊക്കെ അവരുടെ വിഭവങ്ങളും മനുഷ്യശേഷിയും ഉപയോഗപ്പെടുത്തിക്കൊണ്ട് ഇത്തരം പ്രവർത്തനങ്ങൾ നടത്തുന്ന ഒരു ശൈലി വളർത്തിക്കൊണ്ടുവരികയാണ്. അതിനാണ് മൂന്നാം ലോക രാജ്യങ്ങളുടെ പുതിയവികസന തന്ത്രം എന്നു പറയുന്നത്. IMFന്റെ കടക്കെണിയിൽ നിന്നു രക്ഷപ്പെടണമെങ്കിൽ ഇന്ത്യയും അത് ചെയ്തേ പറ്റൂ.

അച്ഛൻ: നിന്റെയീ തന്ത്രമൊന്നും ഇവിടെ നടക്കാൻ പോകുന്നില്ല.

മകൻ: അതു നമുക്കു കാണാലോ.

അമ്മ: ആയായ്.. കാലത്ത് കാപ്പികുടീം കഴിഞ്ഞ് തൊടങ്ങിയതാണല്ലൊ അച്ഛനും മകനും തമ്മില് തർക്കം. എടാ മോനേ... അച്ഛൻ ആരുടെ ഭാഷ സംസാരിക്കുന്നൂന്നാ നീ പറഞ്ഞത്. കേക്കട്ടെ. ഒന്നു കൂടി പറഞ്ഞേ.

മകൻ: (ചിരിച്ചു കൊണ്ട്) IMFന്റെ ഭാഷ.

അമ്മ: ങേ.. മഫനെന്നോ. അച്ചനെ അങ്ങനെ വിളിക്കാമ്പാടുണ്ടൊ.

മകൻ: ശെടൊ. ഈ അമ്മയെ ഞാനെങ്ങന്യാ പറഞ്ഞു മനസ്സിലാക്കാ.

അച്ഛൻ: നാലക്ഷരം പഠിച്ചോർക്കുപോലും മനസ്സിലാവാത്ത കാര്യാ അവൻ പറയണത് പിന്നല്ലേ സ്കൂളിൽ പോവാത്ത നിയ്യ്. (വിഷയം മാറ്റി) അതുപോട്ടെ ആ തേങ്ങാക്കാരൻ മാപ്ള

വന്ന് തേങ്ങ കൊണ്ടുപോയില്ലേ. എത്രയെണ്ണമുണ്ടായിരുന്നു?

അമ്മ: എണ്ണം പിടിച്ചുവെച്ചിരുന്ന കല്ല് അങ്ങേലെ പിള്ളര് എടുത്തു കളഞ്ഞു.

അച്ഛൻ: (ദേഷ്യത്തിൽ) ങേ. എണ്ണം പിടിച്ച് കല്ലുവെച്ചൂത്ര. ചുക്കും ചുണ്ണാമ്പും അറിയാത്ത നിന്നെ അതേൽപ്പിച്ച എന്നെ വേണം പറയാൻ. (വേഗത്തിൽ പോകുന്നു)

അമ്മ: ഞാന്...

മകൻ: ഈ അമ്മേടെ ഒരു കാര്യം. അമ്മക്ക് ഒന്നും മനസ്സിലാവില്ല.

കോറസ്: അമ്മക്കൊന്നും മനസ്സിലാവില്ല.

## സീൻ 3

(രംഗം വീടുതന്നെ. അച്ഛനും മകനും. കാര്യമായ എന്തോ ചർച്ചയിലാണ്)

അച്ഛൻ: ഇതൊരു തലവേദനയായല്ലൊ. ഇനിയെന്താപ്പൊരു പോംവഴി? ഛെ: നാലാളറിഞ്ഞാൽ നാണക്കേടല്ലേ?

മകൻ: (ആലോചിച്ച്) ഒരു വഴിയുണ്ടച്ഛാ. (അമ്മയെവിളിക്കുന്നു) അമ്മേ.. അമ്മേ... (അമ്മ അകത്തു നിന്നും വരുന്നു) അമ്മയെ ഞാൻ പേരെഴുതി ഒപ്പിടാൻ പഠിപ്പിക്കട്ടെ?

അമ്മ: എന്തിനാ മോനെ?

മകൻ: നാളെയല്ലേ അമ്മേ നമ്മുടെ കെഴക്കേ പറമ്പിന്റെ രജിസ്റ്ററ്? അമ്മ ഒപ്പിട്ടാലല്ലേ പറ്റു. ഞാൻ പഠിപ്പിക്കാം.

അമ്മ: അയ്യോ അതും വിക്കാണോ? ഇനി അത് മാത്രമല്ലേ ഉള്ളു എന്റെ പേരില്. എന്തിനാ വിക്ക്ണ്? എന്തു വിലയ്ക്കാ... ആർക്കാ..?

അച്ഛൻ: അതൊന്നും നീയറിയണ്ട. നിനക്കതൊന്നും മനസ്സിലാവില്ല. നീ രജിസ്റ്ററാപ്പീസിൽ വന്ന് ഒപ്പിട്ടാൽ മതി.

മകൻ: അമ്മ വരൂ. ഞാൻ പഠിപ്പിക്കാം.

അമ്മ: ഞാൻ വിരലൊപ്പിട്ടോളാം.

അച്ഛൻ: കോട്ടവിള രാജശേഖരൻ നായരുടെ ഭാര്യക്ക് അക്ഷരമറിയില്ലെന്ന് നാട്ടുകാരറിഞ്ഞൽ.... അതിന്റെ നാണക്കേട് നിനക്കല്ല. എനിക്കും മക്കൾക്കുമാണ്.

മകൻ: അമ്മയ്ക്കക്ഷരമറിയില്ലെന്ന് നാട്ടുകാരറിഞ്ഞാൽ ഞങ്ങൾക്കല്ലേ അമ്മേ അതിന്റെ നാണക്കേട്? അമ്മവരു. (കൈപിടിച്ച് എഴുതാൻ പഠിപ്പിക്കുന്നുതിന്റെ സ്റ്റിൽ)

കോറസ്: അമ്മയ്ക്കക്ഷരമറിയില്ലെന്ന് നാട്ടുകാരറിഞ്ഞാൽ (3 തവണ)

അമ്മ: (സ്വഗതം) അമ്മയ്ക്കക്ഷരമറിയില്ലെന്ന് നാട്ടുകാരറിഞ്ഞാൽ.......

## സീൻ 4

(സാക്ഷരതാ സംഘം കണക്കെടുപ്പിനു വരുന്നു. അമ്മ രംഗത്ത്.)

ഒരാൾ: ഞങ്ങൾ എഴുത്തും വായനയും അറിയാത്ത ആൾക്കാരുടെ കണക്കെടുക്കാൻ വന്നതാ.

2: അക്ഷരമറിയാത്ത എല്ലാവരേം എഴുത്തും വായനേം പഠിപ്പിക്കാനുള്ള പരിപാടി വരുന്നുണ്ട്.

3: ഈ വീട്ടിൽ എഴുത്തും വായനേം അറിയാത്ത ആരെങ്കിലും ഉണ്ടെങ്കിൽ പേരുവിവരം പറഞ്ഞുതരണം.

(അമ്മ ഉത്സാഹത്തോടെ തന്റെ പേരു പറയാനായുന്നു)

അമ്മ: ഇവിടെപ്പോ അങ്ങനെ ഞാൻ... (പെട്ടെന്നു എന്തോ ഓർക്കുന്നു.)

പശ്ചാത്തലത്തിൽ

കോറസ് : അമ്മയ്ക്കക്ഷരമറിയില്ലെന്ന് നാട്ടുകാരറിഞ്ഞാൽ.... (3 തവണ ആവർത്തിക്കുന്നു), ഒരു താക്കീതിന്റെ സ്വരത്തിൽ. അമ്മ പെട്ടെന്ന് ഭാവം മാറ്റി പരിഭ്രമം പുറത്തു കാണിക്കാതെ പറയുന്നു.

അമ്മ: എഴുത്തും വായനിം അറിയാത്തോരോ....?
ഇവിടെപ്പോ ആരാ അങ്ങനെള്ളോര്......?

(സംഘവും അമ്മയും ഫ്രീസ്)

## ശാപം

“അമ്മേ ഭഗവതി കേൾക്കണമിന്നേടമെൻ
നിർമ്മല വാണികളുണ്മ ഞാൻ ചൊല്ലുവേൻ”

എ. : പട്ടിയുണ്ടോ....?

ബി : ഇല്ല. ആരാ?

എ : ഞാനാ ഇവിടെ അടുത്തുള്ള സ്കൂളിലെ സാറാ.

ബി : ഇരുന്നാട്ടെ. പിന്നെന്താ ഇങ്ങോട്ട്....?

എ : പിന്നേയ് വോട്ടുണ്ടല്ലോ അതിന് ആളുകളുടെ കണക്കെടുക്കുവാൻ വന്നതാ. ഇത് പനങ്ങാട്ടെ വീടു തന്നെയല്ലേ? ചേട്ടൻ തങ്കപ്പൻപിള്ള.

ബി : അതെ

എ : അച്ഛന്റെ പേര്....?

ബി : കേശവപിള്ള.

എ : വയസ്സ്....?

ബി : 63

എ : ഭാര്യ

ബി : കൊച്ചുപാർവ്വതി, 57 വയസ്സ്

എ : കുട്ടികൾ

ബി : മൂന്ന്. മൂത്തത് ശാരദ. കല്യാണം കഴിച്ചു, കൊട്ടാരക്കരയാ. രണ്ടാമൻ സുകുമാരൻ. അവനിപ്പം ഇവിടെയുണ്ട്. പഠിത്തം കഴിഞ്ഞു നിൽക്കുകയാ. ജോലിയൊന്നും ആയില്ല. മറ്റവൻ ഗോപാലകൃഷ്ണൻ. അവന് 18 വയസ്സ്. ഈ കുംഭത്തിലാ അവന്റെ പെർന്നാള്.

എ : ഇതൊന്ന് ഒപ്പിട്ടാട്ടെ

ബി : ഒപ്പോ?

എ : കുഴപ്പമൊന്നുമില്ല. പിള്ളച്ചേട്ടൻ ഇതൊന്ന് വായിച്ച് നോക്കിയാട്ടെ.

ബി : എനിക്ക് എഴുതുവാനും വായിക്കാനും അറിയില്ല. എടാ ശങ്കുന്നി ഇതൊന്ന് വായിച്ചു നോക്കിയാട്ടെ.

(പേപ്പർ തലതിരിച്ച് പിടിക്കുന്നു)

എ : അങ്ങിനെയല്ല. തിരിച്ച്. ശങ്കു ഏതായാലും ആൺകുട്ടികളു വന്നു നോക്കിയിട്ടു മതി പിള്ളേച്ചാ ഒപ്പിടല്.

എ : അപ്പോ ശങ്കുച്ചേട്ടനും എഴുത്തും വായനയും അറിയില്ലെ. പിന്നെ ഈ ഭാഗവതം വായിക്കുന്നത്.

സി : അത് എനിക്ക് വായിക്കാനറിയില്ല. അച്ഛനും അമ്മാവനും വായിക്കുന്നത് കേട്ടുപഠിച്ചതാ.

എ : പിള്ളേച്ചാ ഇതൊന്ന് ഒപ്പിട്ടുതരണം. എനിക്ക് ഇനിയും നാലഞ്ചു വീടുകൾ കൂടിയുണ്ട്.

ബി : പിള്ളേരോട് ചോദിക്കാതെ ഞാൻ ഒപ്പിടില്ല.

എ : എന്റെ ചേട്ടാ ഇതിൽ ഒരു കുഴപ്പവുമില്ല.

ബി : ഞാനൊപ്പിട്ടു തരില്ല.

നരേഷൻ : ഇന്ത്യയിൽ ഇന്ന് അൻപത് കോടിയോളം നിരക്ഷരരുണ്ട്. അതായത് നൂറിൽ അറുപത്തഞ്ച് പേരും എഴുത്തും വായനയും അറിയാത്തവരാണ് എന്നർത്ഥം.

(സീക്വൻസ് മാറുന്നു)

X : സാറേ ഒരു ഇൻലന്റ്

Y : ഒരു ഇൻലെന്റ്

X : സാറേ ഇതിലൊന്നു മേൽ വിലാസമെഴുതി തരണം.

Y : എനിക്കു സമയമില്ല. താൻ മലയാളത്തിൽ എഴുതിയാൽ മതി.

X : സാറേ ഇതൊന്ന്......

Z : പേനയില്ല.

X : സാറെ

W : അഡ്രസ്സുഴുതാനാണോ. ഇങ്ങുതന്നാട്ടെ. അയ്യോ, ബസ്സ് വരുന്നു.

നരേഷൻ : കണ്ടില്ലേ. ഈ നിസ്സഹായത. പഠിച്ചവർക്ക് പഠിക്കാത്തവരോടുള്ള മനോഭാവം. ഇങ്ങനെയാണോ വേണ്ടത്. അക്ഷരമറിയാത്തവനെ പഠിപ്പിക്കാനുള്ള ചുമതല മറ്റാർക്കാണ്.

(സിക്വൻസ് മാറുന്നു.)

S: അസ്സലാമു അലൈക്കും

T: ഞ്ഞാ ഇരിക്കിൻ, നിങ്ങളു വാക്കു കൊടുത്തോ ?

S: അത് ഞമ്മള് ശരിയാക്കിയിരിക്കണ്. പിന്നെ, മോന്റെ ബർത്തമാനം എന്തൊക്കെയുണ്ട്.

T: ഓൻ ദുബായിക്കു മടങ്ങും മുമ്പ് അതങ്ങു നടത്തണം.

S: കോയാജി സമ്മതിച്ചിരിക്കണ്. ഇനിയിപ്പോ ഓൻ പോയി കുട്ടിയെ ഒന്നു കാണണം.

T: ഓൻവന്നല്ലോ. സുബൈറെ ഞാനതങ്ങ് ഒറപ്പിച്ചിരിക്കണ്. ജ് അവിടെ പോയ്ഓളെ ഒന്നു കണ്ടാള.

U: എന്താ മൊല്ലാക്കാ സ്ഥിതി.

S: നമ്മടെ കോയാജിടെ നാലാമത്തെ മോളാ. നല്ലബർക്കത്തുള്ള പെണ്ണാ. ഓള് പയേ തറവാട്ടുകാരല്ലേ?

U: എന്താ പേര്?

T: സുലൈഖ.

S: ഇതുവരെ ഓള് വീട്ടിൽ നിന്ന് പുറത്തെറങ്ങിയിട്ടില്ല. നല്ല അടക്കവും ഒതുക്കവും ഉള്ള കുട്ടിയാ.

U: അപ്പോ ഓള് സ്കൂളിൽ പോയിട്ടില്ലേ.

T: അതിനെന്താ മോനെ? ഓല് വല്യതറവാട്ടുകാരല്ലെ? പൊന്നും പണോം ഇഷ്ടം പോലെ.

S: ബാപ്പാ . ഞാൻ അയ്ക്കണകത്ത് വായിക്കുന്നതാരാ .....?

T: നമ്മുടെ സൈനബ?

U: ന്റെ പെണ്ണിന് ഞാൻ എഴുതുന്ന കത്ത് ന്റെ പെങ്ങള് സുഹറ വായിച്ചാനന്നോ.

T: നി ഒരു മാതിര ബെടക്ക് ബർത്തമാനം പറയരുത്. ഞമ്മള് നിക്കാഹിനു തിയ്യതി ഒറപ്പിച്ചിരിക്കണ്.

U: എന്തു പറഞ്ഞാലും വേണ്ടില്ല. എനിക്കാ നിക്കാഹ് വേണ്ട.

T: മോനെ സുബൈറേ.

നരേഷൻ: ഇന്ത്യയിൽ എഴുത്തും വായനയും അറിയാത്തവരിൽ പുരുഷന്മാരേക്കാൾ കൂടുതൽ സ്ത്രീകളാണ്. സ്ത്രീകൾ വിദ്യാ സമ്പന്നരായാൽ കുടുംബത്തിന്റെ മാത്രമല്ല നാട്ടിന്റെ ചിത്രംതന്നെ മറ്റൊന്നാകും.

സിക്വൻസ് മാറുന്നു.

## ദീപം

(കോറസ് 10 പേർ. പിറകിൽ നിന്നും മുൻപോട്ട് വന്ന് നിരന്ന് നിന്ന് പാടുന്നു).

അക്ഷരജ്ഞാനം അറിവല്ല - അറിവിന്റെ
രക്ഷാകവാടമാണെന്നുള്ളതോർക്കുക
ഇക്കവാടത്തിനകം പുക്കുവാനെത്തിനിൽക്കും
സഹജരെ നിങ്ങൾക്ക് സ്വാഗതം.

(തുടർന്ന് കോറസ് മരങ്ങളായി മാറി പൂന്തോട്ടം ഉണ്ടാക്കുന്നു. ഒരാൾ ചെടികൾക്ക് വെള്ളം നനയ്ക്കുന്നു). മുതലാളി സ്റ്റേജിന് പിറകിൽ നിന്നും പ്രവേശിക്കുന്നു.

മുതലാളി : എടാ കോരാ. നാളെ പുലർച്ചയ്ക്ക് ഇങ്ങ് വേലയ്ക്കെത്തണോട്ടാ - പോരുമ്പോ പെണ്ണിനേം പിള്ളാരേയും കൂട്ടിക്കോ.

കോരൻ : മുതലാളി. പിള്ളാര് - സ്കൂളില്.

മുതലാളി : ഫ..... എരപ്പേ. നിന്റെയൊക്കെ മക്കൾക്ക് എന്തിനാടാ സ്ക്കൂള് - പഠിച്ച് മജിസ്ട്രേട്ടാകാനാ. എടാ അക്ഷരം തിന്നാൽ വയറ് നിറയോ - പിള്ളാര് പണി പഠിക്കട്ടെടാ. നീയൊക്കെ വയസ്സാവുമ്പോൾ അവര് വേണ്ടേടാ നിങ്ങൾക്ക് ഭക്ഷണം തരാൻ.

കോരൻ : ഓ.

മുതലാളി : പിന്നെ പിള്ളാർക്ക് കൂലിയില്ല. ഭക്ഷണം കൊടുക്കാം. അവറ്റ പണി പഠിക്കട്ടെടാ —

(രംഗത്തുള്ളവർ സ്റ്റിൽ)

കോറസ് : (ചിരിയ്ക്കുന്നു) നിനക്ക് സംഭവിച്ചത് എന്തെന്ന് നീ അറിയുന്നില്ല. നീയും - നിന്റെ മക്കളും പണിയെടുത്തിട്ട് വേണം മുതലാളിക്ക് തടിച്ചുകൊഴുക്കാൻ.

(തുടർന്ന് പാട്ട്പാടിക്കൊണ്ട് കോറസ് സ്റ്റേജിന് മുൻപിൽ നിരന്നു നിൽക്കുന്നു.)

ജീവിതമാം ദു:ഖ നീരാഴിയിൽ നീന്തി
നീന്തി തളർന്നവർ നമ്മൾ
എല്ലാം വിധിയിൽ സമർപ്പിച്ചു ജീവിതം
തള്ളിക്കളഞ്ഞവർ നമ്മൾ –

(അക്ഷരജ്ഞാനം അറിവല്ല എന്നുള്ള വരികൾ – പാടിക്കൊണ്ട്. രംഗത്ത് കോറസ് ഒരു ഭാഗത്ത് വീടും മറു ഭാഗത്ത് പട്ടിക്കൂടും. ബാക്കിയുള്ളവർ പിറകിൽ നിരന്നു നിൽക്കുന്നു. പട്ടിക്കൂടിൽ ഒരു പട്ടിയും – മുതലാളി നായയ്ക്ക് തീറ്റ കൊടുക്കുന്നു. എതിർഭാഗത്ത് നിന്നും കോരൻ കടന്നുവരുന്നു.)

കോരൻ : മുതലാളി എനക്ക് ഒരു തങ്കടം ഉണർത്തിക്കാനുണ്ടേ.

മുതലാളി : എന്താടാ.

കോരൻ : മോൾടെ കല്യാണാണ്.

മുതലാളി : നിന്റെ മോളെ കെട്ടാനും ആളുണ്ടോടാ.

കോരൻ : മുതലാളി ഒരു സഹായം ചെയ്യണം.

മുതലാളി : എടാ... ഈ വയസ്സ് കാലത്ത് – ഞാനെങ്ങനെ........

കോരൻ : കുറച്ച് രൂപാ....തന്ന്..

മുതലാളി : എന്ത് വിശ്വസിച്ചാടാ നിനക്കൊക്കെ രൂപാ തരുന്നേ.

കോരൻ : പണിയെടുത്ത് വീട്ടിക്കോളാമേ.

(മുതലാളി വീടിനകത്തേയ്ക്ക് പോകുന്നു. രംഗത്ത് കോരൻ നിൽപ്പുണ്ട്. പട്ടി കോരനു നേർക്ക് കുരച്ചു ചാടുന്നു. കോരൻ ശ്: ശ്: എന്ന ശബ്ദം പുറപ്പെടുപ്പിച്ച് പിന്തിരിപ്പിക്കാൻ ശ്രമിക്കുന്നു. തുടർന്നും പട്ടികുരച്ച് ചാടുമ്പോൾ ഒരു കല്ലെടുത്ത് പട്ടിയെ എറിയുന്നു. പട്ടി കരയുന്നു. അതു കഴിയുമ്പോഴേക്കും മുതലാളി പണവു മായിതിരിച്ചുവരുന്നു. ഒരു കൈയിൽ പണവും മറ്റേ കൈയിൽ ഒരു പേപ്പറുമുണ്ട്.)

മുതളാളി : ഓ. നീ ചോദിച്ച രൂപ. ഈ പേപ്പറിൽ ഒന്ന് ഒപ്പിട്ടേയ്ക്ക്.

(പേപ്പറിൽ കോരനെക്കൊണ്ട് ഒപ്പിടീപ്പിക്കുന്നു) പിന്നെ ഒരാണ്ടത്തെ പലിശ ഇങ്ങ് എടുത്തിട്ടുണ്ട്. ആറ്മാസത്തിനുള്ളിൽ ബാക്കി പലിശേം മുതലും ഇങ്ങ് തിരിച്ചേല്പിച്ചില്ലെങ്കിൽ. (പട്ടി കുരയ്ക്കുന്നു) ടോമി.... ടോമി.... (കോരനുനേർക്ക് തിരിഞ്ഞ്) മനസ്സിലായോ.

കോരൻ : ഉവ്വേ.

(കോറസ് പാട്ടുപാടിക്കൊണ്ട് വീണ്ടും രംഗത്ത് മുൻ സ്റ്റേജിൽ നിരന്നുനിൽക്കുന്നു).

നമ്മൾക്കുമുണ്ടവകാശമീഭൂമിയിൽ
മറ്റുള്ളവർക്കൊപ്പമെന്ന കാര്യം
നമ്മൾ മറക്കുന്നറിവിന്നഭാവമാണി
ന്നതിൻ കാരണമോർത്തിടുവിൻ.

(അക്ഷരജ്ഞാനം എന്ന വരികൾക്കൂടി പാടിയതിനുശേഷം ഗേറ്റ് തുറക്കുന്ന രീതിയിൽ കോറസ് രണ്ട് ഭാഗത്തേക്ക് മാറുന്നു. രംഗത്ത് എസ്റ്റേറ്റിലെ മാനേജരുടെ മുറി. മാനേജർ ഇരിക്കുന്നു. മേശപ്പുറത്ത് കണക്ക് പുസ്തകം – തൊഴിലാളികൾ കൂലി വാങ്ങാൻ ക്യൂ നിൽക്കുന്നു.

മാനേജർ : മുത്തുസ്വാമി. (മുത്തുസ്വാമി വരുന്നു). വാ ഒപ്പിട്.

മുത്തുസ്വാമി : (ഒപ്പിട്ടതിനു ശേഷം) സാർ ഇന്ന് കുറച്ചുപൈസ തരണം കുട്ടികൾക്ക് ദീനമാ.

മാനേജർ : പൈസയൊക്കെ തരാമെടാ...... നീയങ്ങു മാറിനില്ല്. (എതിർഭാഗത്തേക്ക് മാറ്റി നിർത്തുന്നു) ആണ്ടവൻ വാ... ഒപ്പിട്.

ആണ്ടവൻ : മൊതലാളി.... എനിക്ക് ഊരില് പോകണം. വീട്ക്ക് കത്ത് വന്നിരിക്കോ, കൊഞ്ചം പൈസ വേണം.

മാനേജർ : ഊരില് പിന്നെ പോകാം.... ഇപ്പോ മാറിനിൽക്ക് (എതിർഭാഗത്തേക്ക് മാറ്റി നിർത്തുന്നു) കോരൻ. (കോരൻ വരുന്നു ഒപ്പിടാതെ നിൽക്കുന്നു)

മാനേജർ : വാ ഒപ്പിട്.

കോരൻ : ഇല്ല മൊതലാളി എനിക്ക് കുറച്ച് പൈസ വേണം.

മാനേജർ : പൈസ തരാമെന്നു പറഞ്ഞില്ലേ.

കോരൻ : ഇല്ല എനിക്ക് പൈസ തരാതെ ഞാൻ ഒപ്പിടില്ല.

(തൊഴിലാളികൾ കുറച്ച് പേർ കോരന്റെ ഭാഗത്ത് അണിചേരുന്നു. ബഹളം).

മാനേജർ : നിങ്ങൾ ഒരു കാര്യം ചെയ്യൂ. വൈകിട്ട് എന്റെ ബംഗ്ലാവിലേക്ക് വരു. അവിടെ പത്തെഴു

പത് രൂപാകാണും. അത് എല്ലാവർക്കും വീതിച്ചു തന്നേക്കാം.

(തൊഴിലാളികൾ കൂടുതൽ രോഷാകുലരാകുന്നു. ബഹളം. അതിന്നിടയിൽ രംഗത്തേക്ക് ഒരാൾ പ്രവേശിക്കുന്നു).

വന്നയാൾ : എന്താ - എന്താണ് പ്രശ്നം.

തൊഴിലാളികൾ : സാറേ ഞങ്ങൾ കുറെനാളായി ഈ തോട്ടത്തിൽ വേല ചെയ്യാൻ തൊടങ്ങീട്ട്. ഇതുവരെ പൈസയൊന്നും തന്നിട്ടില്ല. ഇടയ്ക്ക് 10 രൂപ 20 രൂപയൊക്കെ തന്നിട്ട് പിന്നീട് കണക്ക് പറയാമെന്നു പറയും. കണക്കൊന്നും പറഞ്ഞിട്ടില്ല. കാശും കിട്ടിയിട്ടില്ല.

(വന്നയാൾ തിരിഞ്ഞ് മാനേജരോട്)

വന്നയാൾ : ഇവർ പറയുന്നത് നേരാണോ?

മാനേജർ : കള്ളം പച്ചക്കള്ളം. പണിയെടുത്തതിന് കൃത്യമായ കൂലി കൊടുത്തിട്ടുണ്ട്. നുണ പറയുന്നതല്ല. കണക്കുണ്ട് നോക്കൂ. (രജിസ്റ്റർ എടുത്ത് നിവർത്തിപ്പിടിച്ച് വായിക്കുന്നു). മുത്തുസ്വാമി പറ്റ് - 50 രൂപ. ആണ്ടവൻ മരുന്നിന് 36 രൂ.15 പൈസ. കോരൻ വീട്ടിൽ പോകാൻ 76 രൂപ 15 പൈസ.

വന്നയാൾ : മതി. മതി. (തൊഴിലാളികളോടായി) ഈ ബുക്കിൽ ഒപ്പിട്ടിരിക്കുന്നത് നിങ്ങളാണോ.

തൊഴിലാളികൾ: അത്... അത്.....ഒപ്പിടീപ്പിച്ചതാണ്. ഞങ്ങൾക്ക് ഒപ്പിടാനറിയില്ല.

വന്നയാൾ : അതു തന്നെയാണ് കുഴപ്പം. നിങ്ങളെപ്പോലെയുള്ള അക്ഷരമറിയാത്തവരെ ചൂഷണം ചെയ്താണ് ഇവരെപ്പോലുള്ളവർ തടിച്ച് കൊഴുകുന്നത്. അതുകൊണ്ട് ഇനിയെങ്കിലും നിങ്ങൾ അക്ഷരം പഠിക്കാൻ തയ്യാറാകു.

(കോറസ് പാട്ട്പാടി മുൻ സ്റ്റേജിൽ നിരന്നു നിൽക്കുന്നു.)

മറ്റുളവർക്കൊപ്പമെത്താൻ അവകാശ
ബോധമുണരാൻ വരിക നിങ്ങൾ
നമ്മൾക്കൊരുമിച്ചറിവിന്റെ യീ വഴി
ത്താരയിലൂടെ മുന്നോട്ട് നിങ്ങാം. (നിന്ന സ്ഥലത്ത് നിന്ന് മാർച്ച ചെയ്യുന്ന ചലനങ്ങൾ)
വേർപ്പൊഴുക്കി ചോരവറ്റി നാൾക്കുനാൾ
വേല ചെയ്തകൂട്ടരെ
സമയമായ്... സമയമായ്
അക്ഷരം പഠിക്കുവാൻ സമയമായ്.

(തുടർന്ന് ഈ വരികൾ പാടിക്കൊണ്ട് സ്റ്റേജിന്റെ രണ്ട് ഭാഗത്തേക്ക് കോറസ് നടുക്ക് വെച്ച് രണ്ടായി പിരിഞ്ഞ് മാർച്ച് ചെയ്ത് പോകുന്നു).

## അക്ഷരവാനം

**മുല്ലനേഴി**

അക്ഷരം തൊട്ടുതുടങ്ങാം - നമുക്കൊരേ
ആകാശം വീണുകിട്ടാൻ.....
ഇന്നലെയോളം കണ്ട കിനാവുകൾ
ഈ ജന്മം തന്നെ നേടാൻ...... (2)
(അക്ഷരം തൊട്ട്........)
ഉള്ളവർ ഇല്ലാത്തവരെന്ന ഭേദമീ-
ഊഴിയിൽ ഇല്ലാതെയാക്കാൻ..... (2)
ഋതുപരിണാമ രഥത്തിൽ വരും കാലം
എന്നുമീ നമ്മെ ത്തുണയ്ക്കാൻ......(2)
(അക്ഷരം തൊട്ട്........)
ഏത് കുലം, ഭാഷ, ജാതി യെന്നോർക്കാതെ.
ഐകമത്യത്തിൻ വഴിയിൽ..... (2)
ഒന്നായി മാനവരെത്തുന്നതും കാത്തൊ -
രോണവില്ലെന്നും മുഴങ്ങും
ഓണവില്ലെന്നും മുഴങ്ങും.....
(അക്ഷരം തൊട്ട്........)

ഔദാര്യമല്ലാർക്കും ഭൂമിയിൽ ജീവിതം
അമ്മ നൽകുന്ന സമ്മാനം... (2)
അമ്മയെ, ഭൂമിയെ, നമ്മളെക്കാണുമ്പോൾ
ആകാശമുള്ളിൽ തെളിയും.....
ആകാശമുള്ളിൽ തെളിയും.....
(അക്ഷരം തൊട്ട്........)

## ഒപ്പന

**എ.കെ. ദിനേശൻ**

*(പെൺ കുട്ടികളുടെ സംഘം. ഫാത്തിമാബീവി ഒരു കത്ത് ഒളിച്ചുവെച്ച് വായിക്കുന്നു. മറ്റുള്ളവർ രഹസ്യമായി പുറകിലെത്തി കത്ത് തട്ടിപ്പറിക്കുന്നു. ഫാത്തിമാബീവി കത്തു കിട്ടാൻ കുട്ടികളുടെ പിറകെ ഓടുന്നു. അവസാനം വേദിയുടെ നടുവിലിട്ട കസേരയിൽ വന്ന് നാണിച്ചിരിക്കുന്നു. സംഘം ഒപ്പന പോലെ പാടിക്കളിക്കുന്നു. പുതുനാരിയായി ഫാത്തിമാബീവിയെ നടുവിൽ ഇരുത്തുന്നു.)*

ഫാത്തിമാബീവിക്കിതിപ്പോൾ നല്ല കാലം വന്നേ
സങ്കടങ്ങളൊക്കെ മാറി പുഞ്ചിരിച്ചിടുന്നേ
അക്ഷരങ്ങളവൾക്കുറ്റ തോഴിമാരാകുന്നേ
സ്വന്തമായി മാരനൊരു കത്തെഴുതീടുന്നേ
*(രീതിയും ചുവടും മാറി)*
ബാപ്പക്കറിവില്ലതിനാൽ പണ്ട്
സ്കൂളിൽ പഠിക്കാനയച്ചതില്ലാ
വീട്ടു തടങ്കലിലെന്ന പോലെ
കുട്ടിക്കാലങ്ങൾ കഴിച്ചുപോന്നു.
പൊന്നും പണവും കൊടുത്തു ബാപ്പ
നിക്കാഹ് ചെയ്തങ്ങയച്ചവളെ
മാരന്റെ വീട്ടിൽ കഴിഞ്ഞു പാവം
മാസങ്ങളങ്ങനെ നീങ്ങി വേഗം.
*(രീതി മാറി)*
ഒരു നാളിൽ ഫാത്തിമ ബീവി
ക്ലാസിൽ ചേർന്നു പഠിച്ചു തുടങ്ങി
പടിപടിയായ് അക്ഷരമോരോ -
ന്നെഴുതാനായല്ലോ.
(രീതി മാറി)
പണ്ടൊക്കെ മാരന്റെ കത്തുവന്നാൽ
വായിക്കാനയലത്തേക്കോടിപ്പോകും.
ഇന്നവൾ സ്വന്തമായ് വായിക്കുന്നു
കാര്യങ്ങൾ നന്നായ് ഗ്രഹിച്ചിടുന്നു.
(രീതി മാറി)
ശരിക്കുള്ളുത്തരം മടിക്കാതാരോടും
ഉരച്ചിടുന്നിന്നു ബീവി
അബലയെന്നുള്ള തസത്യമാണെന്നു
വെളിപ്പെടുത്തുന്നു ഹൂറി.
അറിയാത്തോളെന്നോരപഖ്യാതി മേലിൽ
അനുവദിക്കില്ലെന്നോതി
അനന്തമായുള്ളോരറിവു നേടുവാ -
നൊരുങ്ങിയിപ്പുതുനാരി.
(രീതി മാറി)
ആടയാഭരണങ്ങളല്ലി
നാരിയാൾക്കു വിഭൂഷണങ്ങൾ
അക്ഷരം പഠിച്ചതാണീ
ഓമലാൾക്കു വിഭൂഷണങ്ങൾ

തനതിന്ത താനാതിന്ത താനിന്നാനോ
തനതിന്ത താനാതിന്ത തന്തിന്നാനോ.

അറിയാത്തവരുണ്ടനവധികോടി
അജ്ഞത തൻ കൂരിരുളാൽ മൂടി
അതിനാലവരുടെ ദുരിതം കൂടി
കാലത്തിൻ വിളികേട്ടിട്ടെഴുന്നേൽക്കുവിൻ
കാര്യങ്ങൾ പഠിക്കാനായൊരുങ്ങീടുവിൻ

തനതിന്ത താനാതിന്ത താനിന്നാനോ
തനതിന്ത താനാതിന്ത താനിന്നാനോ.

**ഓട്ടൻതുള്ളലുകൾ**
**രചന : പനങ്ങാട് പി.കെ. തങ്കപ്പൻപിള്ള**

**മത്തായിക്കൊരു കത്ത്**
ചെറുതായുള്ളൊരു തുള്ളൽക്കഥ ഞാൻ
ഉരചെയ്യുന്നതിലുള്ളൊരു കാവുകൾ
അറിവുള്ളവരേ നിങ്ങൾ പൊറുത്തി-
ന്നനുമോദിക്കണമതിനു തൊഴുന്നേൻ-
(മട്ടുമാറി)

അന്തിക്കുകൂലിപ്പണി കഴിഞ്ഞാളുകൾ
അന്തോണിയേട്ടന്റെ ചായക്കടയതിൽ
സന്ധിച്ചു ചായ കഴിച്ചു പിന്നീടവർ
എന്തുകാര്യങ്ങളും ചർച്ചയ്ക്കെടുത്തിടും.
പൊക്കം കുറഞ്ഞു വെളുത്ത ശരീരവും
മുക്കാൽ കഷണ്ടി കഴുത്തിലെ താലിയും
വക്ഷസിലഞ്ചാറു രോമം വെളുത്തതും
കക്ഷിയുടുത്ത മുണ്ടായ്യോ കറുത്തതും
വെറ്റ മുറുക്കുന്ന വായിൽ പുളിങ്കുരു
മട്ടിലഞ്ചാറു പല്ലാടി നിൽക്കുന്നതും
കാപ്പിക്കടക്കാരനന്തോണിയേട്ടനാ-
നാട്ടുകാർക്കാർക്കും വിരോധിയല്ലൊട്ടുമേ
ഒട്ടുപേർ ചേർന്നു വാഗ്വാദം നടത്തുന്നു
കഷ്ടം നിരക്ഷരരാണവരൊക്കെയും
രാഷ്ട്രീയമാ ചർച്ചയീ ഭാരതത്തിലെ-
ശ്രേഷ്ഠമാം സോഷ്യലിസത്തിന്റെ രൂപമാം.
ഇന്ദിരാ കോൺഗ്രസ്സും കേരളാകോൺഗ്രസ്സും
പിന്നെ സി.പി.ഐ.യും മാർക്സിസ്റ്റ് പാർട്ടിയും
തന്നെയൊ എൻ ഡി പി യാറെസ്പിയാറെസ്സെസ്സ്
എന്നിങ്ങനെ ജനതാ വരെയുള്ളവർ.
തർക്കിച്ചിടുന്നുണ്ടു സോഷ്യലിസമിവർ
കൈയും കണ്ടാർ വിവിധ രൂപങ്ങളിൽ
ചക്കരയ്ക്കുണ്ടോ അകം പുറമെന്നൊരാൾ
മർക്കട മുഷ്ടി പിടിച്ചു വാദിച്ചുടൻ
ചക്കകണപോലെ നീണ്ടതാണെന്നൊരാൾ
കൊക്കപോലാഴത്തിലാണന്നപരനും
ചട്ടുകം പോലെ പരന്നതാണെന്നൊരാൾ
തട്ടിൻ പുറത്തെ പലകപോലെന്നൊരാൾ
വട്ടശിലയോടു തുല്യമെന്നേകനും
കുട്ടകമഴ്ത്തിയപോലെന്നപരനും
മൂഢരേ ഇന്ത്യയിൽ സോഷ്യലിസം വെറും

മൂടുപടമെന്നതോതിയൊരുത്തനും
ആനയെക്കണ്ട കുരുടരെ പോലെയീ-
ജ്ഞാനമില്ലാത്തവർ തർക്കിച്ചിരിയ്ക്കവെ,
അന്തോണിയേട്ടനവിടേയ്ക്കു വന്നു നി-
ന്നൊന്നുകയർത്തു പറഞ്ഞു തുടങ്ങിനാൻ

(മട്ടുമാറി)

മര്യാദയ്ക്കൊരു കാര്യം പറയാം പറ്റുകീശെല്ലാം
തരേണമേവരും വേറിന്നരിവാങ്ങാൻ ഗതിയില്ല.
ഇരവിലിന്നലെ ചെന്നു കറിയാച്ചന്റെരികിൽ നി-
ന്നിരുപതിന്റൊരു നോട്ടു കടംവാങ്ങി മുടക്കി ഞാൻ.
തിടുക്കത്തിൽ ചിലർ വന്നു കടുപ്പിത്തിലൊരു ചായ
എടുക്കേണം കടിക്കുമ്പോൾ കടിയ്ക്കാൻ വെല്ലതും വേണം.
മടിക്കാതെ കൊടുക്കേണം കൊടുത്താൽ കാശുമില്ലന്ന്.
മുടിച്ചെന്റെ കടയിന്നാ മിടുക്കുപറ്റുകയില്ല.

(മട്ടുമാറി)

കാപ്പികുടിച്ചു കഴിഞ്ഞു തുടങ്ങും രാഷ്ട്രീയക്കോലാഹലവാദം
ആട്ടും തുപ്പും തമ്മിൽ നടക്കും പാട്ടിനു പിന്നീടവരവർപോകും.
നാട്ടുവിശേഷ മസംബ്ലിവിശേഷം കേൾക്കാം കേന്ദ്രത്തിന്റെ വിശേഷം
റഷ്യയിലുള്ളവിശേഷം പിന്നെ പേർഷ്യയിലുള്ള വിശേഷം കേൾക്കാം
ഇറ്റലി ബ്രിട്ടനമേരിക്കാ ഫ്രാൻസപ്പോൾ ജർമൻ ജപ്പാൻ ചൈന
ഇപ്പരുവത്തിൽ വാചകമെത്തും അപ്പം തിന്നതിനില്ലൊരു കാശും
കുറ്റം പറയുകയല്ലൊരുതെല്ലും പറ്റുതരാതിനി പറ്റുകയില്ല.
ഇത്ഥമുരച്ചു കയർത്തു വിയർത്തു വദ്ധൻ ചെന്നൊരിടത്തു വസിച്ചു.
ഹസ്തം കൊണ്ടു കഷണ്ടിത്തലയുടെ മധ്യത്തൊന്നു ചൊറിഞ്ഞു-പറഞ്ഞു.

(മട്ടുമാറി)

ഇന്നു കാലത്തെയെഴുത്തൊന്നു പോസ്റ്റുമാൻ
തന്നുമത്തായീ നിനക്കുതന്നീടുവാൻ
ചന്ദനപ്പള്ളിയിൽ നിന്നായിരിക്കുമി
തൊണ്ടനോക്കിക്കേ വിശേഷമെന്തായിടാം
അന്നയ്ക്ക വല്ലതും ദണ്ഡമോ ദീനമോ
വന്നതോ മാസം തികഞ്ഞതോ പെണ്ണിന്
മത്തായി ചൊല്ലി പഠിച്ചവനല്ലഞാൻ
അച്ചായനൊന്നു വായിച്ചു കേൾപ്പിക്കണം
കണ്ണടയില്ലാവായിയ്ക്കുവാനിന്നെന്റെ
കണ്ണടതാഴെ വീണല്ലോ തകർന്നുപോയ്
ഉണ്ണിയും ചാത്തനും കോന്നനും ചേന്നനും
കണ്ണുകാണാത്തവരല്ലിരിക്കുന്നവർ
നിങ്ങളാരാനുമിക്കത്തിലെന്താണെന്ന-
തൊന്നുവായിച്ചിവനെ ധരിപ്പിക്കുവിൻ.
ഉണ്ണിമുതൽപ്പേരിരുന്നു വിഷണ്ണരാ-
യൊന്നുമനങ്ങാതടിയേറ്റ മാതിരി.

(മട്ടുമാറി)

അതില രുവൻ മൂകതമാറ്റീ-
ട്ടിതുപോലുര ചെയ്തു പതുക്കെ
ഹരിയെന്നു പഠിച്ചവരല്ലേ
കുറിനോക്കാനറിയുകയില്ലേ
മുഖമതുമങ്ങി
ചിലരുപതുങ്ങി
കഴിവതൊതുങ്ങീ
ഇതു മുഴുവൻ നോക്കിമിഴിച്ചു

പുരികക്കൊടിയൊന്നുചുളിച്ചു.
മനമതിലന്തോണിനിനച്ചു
ഇവരിവിടെന്തിന്നു ജനിച്ചു
(മട്ടുമാറി)
കേട്ടുതുറന്നു പറഞ്ഞന്തോണി—
ച്ചേട്ടൻ കലുഷിത ഭാവത്തോടും
കഷ്ടം കഷ്ടം നിങ്ങടെ ജന്മം
നഷ്ടമതെന്നേ പറവാനുള്ളൂ.
പൊട്ടക്കണ്ണനു പൊന്നറിയാമോ
പട്ടിയറിഞ്ഞോ പട്ടികജാതി.
പൊട്ടിലിരിക്കും തവളയറിഞ്ഞോ
നാട്ടി നമൻകൊടി ചന്ദ്രനിലെന്ന്
ഇതു വിധമനവധി ജനതതിയിന്നും
ഇവിടെ ജനിച്ചുവളർന്നു മരിപ്പു
ഗതിയില്ലാത്തവർ ഗതികളക്ഷര-
മറിവില്ലാത്തെഴുപതു ശതമാനം
കഥയറിയാതാട്ടം കാണും വിധ—
മനവധി രാഷ്ട്രീയങ്ങളിലായി
ജാതിമതാദികളാകിയ പാതയി-
ലേതിലുമീസാധുക്കളെ നിർത്തി
നേതാക്കൾ മുതലെന്നുമെടുക്കും
ബോധം കെട്ടവർ തമ്മിലടിക്കും.
പദ്ധതിയുണ്ട് വികസനമുണ്ട്
നിർദ്ധനരെ നിങ്ങൾക്കുതരാനായ്
എലാവികസനമാൾക്കൊരു കെജി
പോരാത്തോർക്കു കൊടുക്കും ബ്ലോക്കിൽ
പഞ്ചായത്തിൽ വികസനമുണ്ടവി-
ടഞ്ചോപത്തോ പേർക്കു ലഭിക്കും
എന്തിനു പറയുന്നയ്യോ ചിലരുടെ
സന്തതികൾക്കുമവർക്കും നേട്ടം.
മുപ്പതു ശതമാനം സാക്ഷരരുടെ
ചേപ്പിനകത്തീ നമ്മളശേഷം
ഓക്കാനിക്കന്നുള്ളാൽ നമ്മെ
ചാക്കിൽ കേറ്റാൻ പുഞ്ചിരിരൂകം
ഉദ്യോഗം കൃഷി വ്യവസായംഭൂ-
സ്വത്തും ചിലരുടെ കൈവശമിന്ന്
വിദ്വാന്മാർ പല പദവികളിൽ നി-
ന്നുദ്ധാരണപദ്ധതി ചെയ്യുന്നു.
എത്ര വിദഗ്ധതപൂച്ചയ്ക്കെലിയുടെ
പട്ടിണിയിൽ പരിതാപമുദിക്കാൻ
എട്ടും പൊട്ടും തിരിയാത്തവരേ
കഷ്ടം നിങ്ങളിതറിയുന്നുണ്ടോ.
തട്ടിവിടുന്നതു കേട്ടാൽതോന്നും
ചൊട്ടയിലെ സർവ്വജ്ഞരിതെന്ന്
ഊമകളെപ്പോലിതു കേട്ടേവരും
ആമയമോടുവസിച്ചീടുമ്പോൾ
പെട്ടെന്നവിടേക്കെത്തിയൊരുത്തൻ
കുട്ടപ്പൻ കൂലിപ്പണി ചെയ്‌വോൻ
കട്ടൻ കാപ്പിക്കോർഡറുചെയ്തി-
ട്ടിഷ്ടനുമവിടൊരു ബഞ്ചിലിരുന്നു.

(മട്ടുമാറി)
ശരിക്കു ചുറ്റിലും നോക്കി
കഥിച്ചു കുട്ടപ്പനപ്പോൾ
മരിച്ചവീട്ടിലെ മട്ടിൽ
ഇരിക്കുന്നേവരുമൊന്നു-
മുരയ്ക്കാതെ കടയ്ക്കുള്ളിൽ
വളിച്ച മട്ടിലെല്ലാരും.
ഇതു കേട്ടു കടക്കാരൻ
കഥ ചൊല്ലിയതിവേഗം
എതിരെന്നോടിതിയാന്മാർ
ക്കതിനുണ്ടേലറിവില്ല
ചതിയന്മാരുടെ നാട്ടിലു-
ലുതകാത്തോർ പഠിക്കാത്ത
ബധിരരിന്നിവരയ്യോ
വിധിയെന്നു പറഞ്ഞീടും.

(മട്ടുമാറി)
ഇത്ഥം പറഞ്ഞു കത്തന്തോണിയേട്ടനാ
മത്തായി തൻ കയ്യിലേകീട്ടുചൊല്ലിനാൻ
മർത്ത്യലോകത്തിൽ പിറന്ന മാടെന്നപോ-
ലൊത്തില്ലൊരുത്തനും കത്തുവായിച്ചിടാൻ
കേട്ടുകൂട്ടത്തിലിരുന്ന കുട്ടപ്പനും
കത്തുവാങ്ങിച്ചു വായിച്ചു കേൾപ്പിച്ചുടൻ
മത്തായികാര്യം ഗ്രഹിച്ചെഴുത്തും കൊണ്ട്
പത്തനം പുകാൻ പുറപ്പെട്ടുമെല്ലവെ
കുത്തു വാക്കൊക്കെയും കേട്ടൊട്ടിളിഭ്യരായ്
നത്തുപോലങ്ങിങ്ങിരിക്കും സഹജരെ
ആർദ്രതാഭാവേന നോക്കിപ്പറഞ്ഞുടൻ
ആർക്കും പരിഭവം തോന്നരു തൊട്ടുമേ
നിങ്ങൾ പഠിക്കണം പ്രായമായെങ്കിലും
ചങ്ങാതിമാരെ വരുവിനെല്ലാവരും
ഇന്നു വയോ ജനങ്ങൾക്കു പഠിക്കുവാൻ
വന്നോരവസരം പാഴിലാക്കാതിനി
കിട്ടുവും കോരുവും ശങ്കരൻ കാളിയും
കൊച്ചമീതയ്യപ്പനപ്പരവുമേശരി
ചെട്ടിപ്പരമു കരുണാകരൻ ചെണ്ട-
കൊട്ടുന്നയാളമീ ഞാനുമെന്നും വരും.
ഞങ്ങൾ പഠിക്കുന്നു രണ്ടുമാസം മുത—
ലിന്നീയെഴുത്തു ഞാൻ വായിച്ചതങ്ങനെ.
മാധവൻപിള്ള സാർ കൂടാതെ നമ്മുടെ
മോഹനൻ സാറും പഠിപ്പിക്കുവാൻ വരും
പോരുവിൻ വായനശാലയിൽ നിങ്ങളി-
ന്നേവരുമൊത്തു വയോജനക്ലാസ്സിന്.

## സാക്ഷരത

അറുപതു ചെന്നിട്ടക്ഷരമിനിയും
പറയാനൊന്നു പഠിയ്ക്കണമെന്നോ.
കറിയാചൊന്നതിനുത്തരമിങ്ങനെ
മറിയാമ്മച്ചേട്ടത്തി പറഞ്ഞു.

കെറുവിയ്ക്കാതെൻ ജ്യേഷ്ഠത്തീ അതി-
നൊരു കുറവില്ല പറഞ്ഞു തരാം ഞാൻ.
അറിവില്ലാതീക്കാലത്തുള്ളൊരു
പൊറുതി നിനയ്ക്കാൻ പോലും വയ്യ.
ചെറിയച്ചേന്നൊരബദ്ധം പറ്റിയ
തറിയണമൊറ്റികൊടുത്തതു തീറായ്.
പറവേലിക്കാർക്കായി പറമ്പും
നിറമിഴിയാൽ ചെറിയച്ചേനിരുന്നു.
തെറ്റിതു പോലെ പലർക്കും പറ്റി
കുറ്റമതല്ല ക്ഷരമറിയാതെ
ഉറ്റവരായാൽ പോലും നമ്മെ
പറ്റിയ്ക്കുന്നൊരു കാലമതായി.
ഒരു കഥ പറയാം ഇന്ത്യയിലിന്നും
എഴുപതു ശതമാനം ജനതയ്ക്കും
ഗതിയില്ലാതെ ഭവിച്ചതു നമ്മുടെ
വിധികൊണ്ടെന്നു ധരിച്ചീടരുതേ.
അറിവുള്ളവരുടെ കയ്യിലൊതുങ്ങി
പലരും നമ്മൾ പാവകളായി.
അവരുകളിപ്പിക്കുന്നതു നമ്മെ
വിവിധ തരത്തിലറിഞ്ഞീടേണം.
അക്ഷരമറിവില്ലാത്തൊരു നമ്മൾ
പക്ഷിമൃഗാദികളേക്കാൾ കഷ്ടം
രക്ഷവരാനൊരു ലക്ഷ്യം വേണം
അക്ഷരമുള്ളിലുറയ്ക്കണതിനായ്
ഇന്നുവയോജന വിദ്യാഭ്യാസം
നന്നായിട്ടു നടത്തിവരുന്നു.
വന്നു പഠിയ്ക്കണമറിവുണ്ടാകാൻ
പൊന്നു സഹോദരി മടികൂടാതെ.

**അക്ഷരം**
**സി.പി. അബുബക്കർ**

അക്ഷര മക്ഷരമല്ലോനവയുഗ-
രക്ഷതന്നാമന്ത്രനാദം
അജ്ഞതതൻ ഭീതനിശ്ശബ്ദ കാനനം
ഞെട്ടി വിറയ്ക്കുന്ന നാദം
അക്ഷതമാനവ സംസ്ക്കാരഗാഥതൻ
ശക്തി തുടിക്കുന്ന നാദം
ഹൃത്തുകൾ ഹൃത്തുകൾ കൊക്കുരുമ്മു മനു-
രാഗമായൊഴുകുന്ന നാദം
(അക്ഷര.......)
പ്രാകൃത ജീവിത സന്ധ്യാനിഴലുകൾ
ചൂഴുന്ന താഴ്‌വാര ഭൂവിൽ
അജ്ഞാതതീരങ്ങൾ തേടി നടന്നോർതൻ
അസ്ഥികൾ പൂത്തൊരാ നാളിൽ
മർത്ത്യന്റെ മുന്നിൽ തുറക്കാതെ നിന്നുപോൽ
വിശ്വരഹസ്യങ്ങളാകെ
അജ്ഞാതമത്ഭുതമീമഹാവിശ്വമെ-
ന്നക്ഷരഹീനർകരുതീ
(അക്ഷര........)

ആംഗ്യങ്ങളാലപശബ്ദങ്ങളാൽ ചിത്ര-
വ്യംഗ്യങ്ങളാലടരാടി
പുണ്യാക്ഷരങ്ങൾതൻ വെണ്മണി മുത്തുകൾ
മിന്നുന്നചിപ്പികൾ നേടി
അക്ഷരമുത്തുകൾ കോർത്ത വാക്യങ്ങളിൽ
വിശ്വചരിത്രം വിളങ്ങീ
വിശ്വം മനുഷ്യ മനസ്സിൻ പ്രിയപ്പെട്ട
കൊച്ചുകളിച്ചെപ്പായ് മാറീ.

(അക്ഷര....)

അക്ഷരമില്ലാത്ത ലോകമതെത്രമേൽ
അർത്ഥമില്ലാത്തതാണെന്നോ
വിശ്വവിജ്ഞാനക്കലവറകൾ മഹാ-
ഗ്രന്ഥങ്ങളായീ ലിപികൾ
ഹൃത്തിലെ ക്കൊച്ചുരഹസ്യങ്ങളോമന...
സ്വപ്നങ്ങൾ തമ്മിലറിയാൻ
അക്ഷരമക്ഷരമല്ലോ മനുഷ്യന്റെ
മുക്തിതന്നാമന്ദ്രനാദം

(അക്ഷര......)

## മത്തായിക്കൊരു കത്ത്

(കോറസ് നിരയായി വേദിയുടെ മുന്നിലേക്ക് പ്രവേശിക്കുന്നു. നിരന്നുനിന്ന് പാടുന്നു.) പ്രഭാതത്തിന്റെ സൂചന...)

പുറംകണ്ണു തുറപ്പിപ്പൂ
പുലർവേളയിലംശുമാൻ
അകക്കണ്ണു തുറപ്പിപ്പാൻ
ആശാൻ ബാല്യത്തിലെത്തണം.

(കോറസ്സ് പാടിക്കൊണ്ട് പുറകോട്ട് തിരിഞ്ഞ് ഒരു സ്ക്രീൻപോലെ നിൽക്കുന്നു.)

പണിക്കാർ വരുന്നു.

ഒരാൾ : വാടാ നമുക്ക് അന്തോണിച്ചേട്ടന്റെ കടേന്ന് ഒരു ചായ കുടിച്ചിട്ടിറങ്ങാം (പണിക്കാർ പോകുന്നു, കോറസ്സ് മാറുന്നു). (ചായക്കട) ചായക്കടക്കാരൻ അന്തോണി ചായ കൂട്ടാനുള്ള സാമഗ്രികൾ ഒരുക്കുന്നു, ചായ കുടിക്കാനുള്ളവർ ബഞ്ചുകളിൽ ഇരിക്കുന്നു.

എ : നമ്മളിങ്ങനെ പാടുപെട്ട് പണിയാന്നല്ലാതെ എന്താ കാര്യം. പത്തു പൈസ കയ്യിൽ വരുന്നില്ലല്ലോ.

ബി : കിട്ടണത് മുഴുവനും കള്ളു കുടിച്ച് തീർത്തിട്ടല്ലേ?

സി : ഇവിടെ പണിയെടുത്തിട്ടൊരു കാര്യവുമില്ല. പണിയെടുക്കണോങ്കി അമേരിക്കേപ്പോയി പണിയെടുക്കണം. ഒരു മണിക്കൂറ് പണിയെടുത്താൽ ഒരാൾക്ക് മൂന്നു ഡോളർ കിട്ടും...!

ബി : ഇന്ത്യൻ മണി എത്രയാ?

ഡി : എടാ ഇന്ത്യനല്ല...ഡോളർ...ഡോളർ...വിവരം വേണോങ്കി ആണുങ്ങളുമായിട്ട് ഇടപെടണം.

ഇ : ഒന്നു പോടാ...റഷ്യയിലെ ഡോളർ അറിയാമോ...?

അന്തോണി: പിന്നേയ്, പുട്ടടിക്കാൻ വരുമ്പോ ഇങ്ങോട്ടാരും ഡോളർ കൊണ്ടുവന്നേക്കരുത്...

ഇ : അതെന്താ ഉള്ള കാര്യം പറയാൻ മേലേ... അമേരിക്ക മൂന്നു റോക്കറ്റു വിടമ്പം റഷ്യ നാലെണ്ണം വിടും.

ബി : എടോ, ആർഷഭാരതത്തിൽ പട്ടിണിയുണ്ടായിരുന്നില്ല. ഇപ്പോഴത്തെ രാഷ്ട്രീയക്കാരും മറ്റു മതക്കാരും കൂടിയാ പട്ടിണിയുണ്ടാക്കിയത്.

സി : നിന്നെപ്പോലുള്ള മൂരാച്ചികളാ ഇവിടെ സോഷ്യലിസത്തിനെതിര് (കൈ ചൂണ്ടിക്കൊണ്ട്).

ഡി : നിന്റെ തന്തേടെ വകയാണോടാ രാഷ്ട്രീയം.

സി : നിന്റപ്പന്റെ വകയാണോടാ ഈ നാട്.

ഡി : എന്തുപറഞ്ഞെടാ...(എല്ലാവരും എഴുന്നേൽക്കുന്നു അടിയോളമെത്തുന്നു. ബഹളം).

അന്തോണി: ഛീ...നിർത്തടാ...രാവിലെ വന്ന് പുട്ടും ചായേം അടിച്ച് രാഷ്ട്രീയോം പറഞ്ഞ് ബഹളോമുണ്ടാക്കി കാശും തരാതെ സ്ഥലംവിടും. നിങ്ങക്കൊക്കെ ആ തൂക്കിയ ബോഡു വായിക്കാമ്മേലേ... രാഷ്ട്രീയം പറയരുത്. ഇന്നലെ വൈകീട്ട് 20 രൂപ കടം വാങ്ങീട്ടാ രാവിലെ പുട്ടിനുള്ള അരി വാങ്ങിച്ചത്. ആ...എടാ മത്തായീ നിനക്കിന്നാ ഒരു എഴുത്ത്. പോസ്റ്റുമാൻ തന്നതാ. ചന്ദനപ്പള്ളീന്നാ ന്നാ പറഞ്ഞേ. നിന്റെ കെട്ട്യോള് പേറിന് പോയതല്ലേ വേഗം വായിച്ചുനോക്ക്.

മത്തായി : എനിക്ക് വായിക്കാനറിയത്തില്ല...ചേട്ടൻ ഒന്ന് വായിച്ചുതാ...

അന്തോണി: എനിക്കു കാണാമ്മേല. എന്റെ കണ്ണട ഇന്നലെ കയ്യിന്ന് വീണ് ഉടഞ്ഞുപോയി. ഒരു കാര്യം ചെയ്യ്. അവരുടെ ആരുടേയെങ്കിലും കയ്യി കൊടുക്ക് (എല്ലാവരും ഒന്നു പരുങ്ങുന്നു.)

എ : എനിക്ക് മൂന്നുനാല് മാസമായിട്ട് കണ്ണിനു തിമിരമാ കാഴ്ചക്കുറവുണ്ട്...ദാ...അങ്ങോട്ട് കൊടുക്ക്. മറ്റൊരാളെ ചൂണ്ടുന്നു.

(എല്ലാവരും ഒഴിഞ്ഞുമാറുന്നു.)

അന്തോണി: എന്തിനാടാ നത്തിരിക്കുന്നപോലെ ഇങ്ങനെയിരിക്കുന്നത്. അക്ഷരമറിയാത്ത ചെറ്റകള്... ഒരു കത്ത് വായിക്കാനറിയില്ല. നീയൊക്കെ റഷ്യേലേം അമേരിക്കേലേം ഒക്കെ രാഷ്ട്രീയോം, ആർഷഭാരതോം പറഞ്ഞ് രാവിലെതന്നെ തല്ല് കൂടുകയല്ലേ?...ഫാ. എന്റെ കണ്ണടയാണങ്കി പൊട്ടിപ്പോയി...അക്ഷരമറിയാതെ ആനയെ കണ്ട കുരുടൻമാരെപ്പോലെ ഇങ്ങനെ ഇരുന്നിട്ട് എന്തു കാര്യം. (എല്ലാരും ചമ്മി ഇരിക്കുന്നു.) (ഗോപാലൻ വരുന്നു. എല്ലാവരേയും നോക്കുന്നു.)

ഗോപാലൻ: ചേട്ടാ...ഒരു ചായ. എന്താ എല്ലാവരും അണ്ടിപോയ അണ്ണാനെപ്പോലെ ഇരിക്കുന്നത്.

മത്തായി ; ഒരു കത്ത്...വായിക്കാൻ ആർക്കും അറിഞ്ഞൂട...(ഗോപാലൻ കത്തു വാങ്ങി വായിച്ചിട്ട്)

ഗോപാ : മത്തായീ നിന്റെ ഭാര്യ പെറ്റു. ആൺകുട്ടി. അസുഖം ഒന്നൂല്ല...സുഖപ്രസവം.

മത്തായി : ഈശോമിശിഹായിക്ക് സ്തുതിയായിരിക്കട്ടെ! (വളരെ സന്തോഷം.)

അന്തോണി: ഗോപാലാ നിയെങ്ങിനെ വായിക്കാൻ പഠിച്ചു.

ഗോപാ : ചേട്ടാ...സ്വന്തം ഭാര്യയുടെ എഴുത്ത് മറ്റൊരാളെക്കൊണ്ട് വായിപ്പിക്കേണ്ട ഗതികേട് എനിക്കുണ്ടായിട്ടുണ്ട്. അതുകൊണ്ട് ഞാൻ പഠിച്ചു. മൂന്നു മാസംകൊണ്ട് അക്ഷരം പഠിച്ചു.

അന്തോണി: മിടുക്കൻ. ന്നാ...ഒരു ചായ കുടിക്ക്. നിന്നെപ്പോലുള്ളവരാണ് ഈ നാടിനു വേണ്ടത്.

ഗോപാ : ഞാനും മൂന്നു മാസം മുമ്പ് വരെ ഇവരെപ്പോലെ അക്ഷരമറിയാത്തവനായിരുന്നു. അക്ഷരത്തിന്റെ വില എന്തെന്ന് ഞാനറിഞ്ഞു. വിവരമില്ലാത്ത നമ്മെയൊക്കെ കബളിപ്പിക്കണവരിൽനിന്നും രക്ഷ കിട്ടണമെങ്കിൽ നമ്മൾ അറിവുള്ളവരായിത്തീരണം.

ഡി : ഗോപാലാ ഞങ്ങൾക്കും അക്ഷരം പഠിക്കണം. പഠിച്ച് ഞങ്ങൾക്ക് വലുതാവണം. ഗോപാലാ നീ ഞങ്ങളെ പഠിപ്പിക്കണം.

ഗോ : ഞാൻ തയ്യാർ...പഠിപ്പിക്കാം. എന്റെ അറിവുവച്ച് ഞാൻ പഠിപ്പിക്കാം. നിങ്ങൾ വന്നാ മതി.

ഗ്രൂപ്പ് : ഞങ്ങൾ വരാം. തീർച്ചയായും. ജോലി കഴിഞ്ഞുള്ള സമയം ഞങ്ങൾ പഠിക്കാൻ വരും. ഗോപാലൻ ഞങ്ങളെ പഠിപ്പിക്കണം. ഞങ്ങൾക്ക് അറിവു നേടണം, ഞങ്ങൾക്ക് പഠിക്കണം. ഞങ്ങൾക്ക് വളരണം.

അന്തോ : കട പൂട്ടി ഞാനും രാത്രീല് അങ്ങ് വന്നേക്കാം. സഹായത്തിന്.

ഗ്രൂപ്പ് : അപ്പൊ ഞങ്ങളിറങ്ങുന്നു. വൈകീട്ട് കാണാം.

"അക്ഷരമാലയിലുണരുകയാണോരത്ഭുതലോകം
അണയുന്തോറുമകന്നേ പോകുമൊരറിവിൻ ലോകം."

(കോറസ്സ് പാടിപ്പോകുന്നു.)

## തുടിപ്പാട്ട്

നേരമൊട്ടും വൈകിയില്ല കൂട്ടുകാരെ പോരു
പേരെഴുതാം വായിക്കാം ലോകവിവരം നേടാം ലോകവിവരം നേടാം
മർത്യരായ് നാം പിറന്ന മണ്ണിതിന്റെ ഗന്ധം
വേർപ്പുനീരിൻ ഗന്ധമെന്ന് വേർതിരിച്ചറിയാം വേർതിരിച്ചറിയാം
നേരമൊട്ടും...
പണിയെടുത്തു പണിയെടുത്തു പാരു പുത്തനാക്കി
പണിയെടുത്തു പണിയെടുത്തു എല്ലുവെള്ളമാക്കി
മെയ്യനങ്ങാവേലചെയ്തു മേലെ മേലെയായി
മെയ്യുരിക്കി വേലചെയ്തോർ വയ്യവയ്യന്നായി
എന്തുകൊണ്ടിത്... എന്തുകെണ്ടിത്..
എന്നറിയില്ലെന്നോ..
സ്വന്തം മണ്ണിൻ വിലയറിയാൻ നേരമായില്ലെന്നോ...നേരമായില്ലെന്നോ..
നേരമൊട്ടും..
അക്ഷരങ്ങൾ മൂർച്ചയുള്ളോരായുധമാകുമ്പോൾ..
പുസ്തകങ്ങൾ നമ്മളുടെ കൂട്ടുകാരാകുമ്പോൾ
സംഘബോധം നമ്മളെ നയിക്കുവാനെത്തുമ്പോൾ
സംഗതികളൊക്കെ നമ്മുടെ
ഇംഗിതം പോലാകും ഇംഗിതം പോലാകും.
നേരമൊട്ടും.

## ചോദ്യക്കളി

### മുല്ലനേഴി

കാടായ കാടൊക്കെയാരാരോ വെട്ടീടും
കാടുകൂടിയുള്ളിൽ കാടുകൂടി
നാട്യങ്ങളില്ലാതെ നാട്ടിൽ ജീവിച്ചിട്ടും
നട്ടെല്ലൊടിയണതെന്തുകൊണ്ട്...?
എന്തുകൊണ്ട്? എന്തുകൊണ്ട്?
എന്തുകൊണ്ടെന്തുകൊണ്ടെന്തുകൊണ്ട്...?
എല്ലുമുറിയെ പണിതിട്ടും പണിതിട്ടും
പല്ലുമുറിയാത്തതെന്തുകൊണ്ട്...?
കൈയ്യിന്നു ബലമുണ്ട് കണ്ണിന്നു തെളിവുണ്ട്
കൈകൊണ്ടെഴുതാത്തതെന്തുകൊണ്ട്
എന്തുകൊണ്ട്? എന്തുകൊണ്ട്?
എന്തുകൊണ്ടെന്തുകൊണ്ടെന്തുകൊണ്ട്...?
ആപ്പീസിൽ ചെന്നൊരപേക്ഷ കൊടുക്കുവാൻ
അന്യരെ തേടുന്നതെന്തുകൊണ്ട്....?
അകലെനിന്നെത്തുന്ന കത്തുവായിക്കുവാൻ
ആരാനെ തേടുന്നതെന്തുകൊണ്ട്...?
എന്തുകൊണ്ട്? എന്തുകൊണ്ട്?
എന്തുകൊണ്ടെന്തുകൊണ്ടെന്തുകൊണ്ട്...?
അക്ഷരം കൈയ്യിലില്ലാത്തതുകൊണ്ടല്ലേ
ആ സ്ഥിതി നമ്മൾക്കു മാറ്റിക്കൂടേ
ഇത്തിരിനേരം മെനക്കെടാം നമ്മൾക്കീ-
യക്ഷരച്ചൂടിനു തീ കൊളുത്താം
അക്ഷരച്ചൂട്ടിൻ വെളിച്ചത്തിൽ നമ്മൾക്കൊ-
രത്ഭുതലോകം തുറന്നുകിട്ടും.

## കുറവർ കളി - പി.കെ.തങ്കപ്പൻപിള്ള

ഓരയ്യ ഓരയ്യാരോ
ഓരയ്യ ഓരയ്യാരോ

കണ്ടനും കൊമരനും നാനും എങ്ങടെ
മുണ്ടീം തേവീം ചക്കിക്കൊപ്പം
ചാക്കോപ്പുള്ള പറഞ്ഞതുകേട്ട്
തെക്കൊരുദീക്കീ കൊയ്ത്തിനുപോയേ
ഓരയ്യ..
ഓരയ്യ..
കൊയ്ത്തും മെതിയും വീശിയൊണക്കലു
കച്ചീം നെല്ലും ചുമ്മിക്കേറ്റല്
പാടമൊയിഞ്ഞേ കൊയ്ത്തുകയിഞ്ഞേ
മേലാമ്മാരുടെ യറനിറയിച്ചേ
ഓരയ്യ..
ഓരയ്യ..
പതവും തീർപ്പും ചാക്കോപ്പുള്ള
ഏടനെലനിന്നതു വാങ്ങിയെടുത്തേ
എങ്ങക്കൊട്ടുകണക്കറിയില്ലേ
അങ്ങേരാകെ പറ്റിച്ചയ്യോ
ഓരയ്യ..
ഓരയ്യ..
അക്കഥ ചേന്നാ നീ പറയുമ്പം
ഏക്കും പറ്റിയപത്തം കേട്ടോ
തോട്ടത്തിപ്പണിചെയ്യാനായി
ചേക്കപ്പെന്നൊരു പുള്ള വിളിച്ചേ
ഓരയ്യ..
ഓരയ്യാ...
ഇരുപതുരൂപ തെവസക്കൂലി-
ക്കൊരുമാതം നാൻ വേലയെടുത്തേ
പണിതീർന്നൊന്നായ് കൂലീം തന്നെ
പണമെണ്ണാനെക്കറിയത്തില്ലേ
ഓരയ്യ..
ഓരയ്യ..
പഠിക്കണകൊച്ചൻ കാശേണ്ണ്യപ്പം
കളിപ്പീരറയിണേ മുന്നൂറൊള്ളേ
ബാക്കി കാശിനു നാൻ ചെന്നപ്പം
ചേക്കപ്പുപള്ളയെടുത്തിട്ടു തല്ല്യേ..
ഓരയ്യാ..
ഓരയ്യാ..
അറിവില്ലാത്തൊരു നമ്മെയിങ്ങനെ
പല പല കൂട്ടരുപററിക്കുന്നേ
അതിനൊരു മാറ്റത്തിനുനാമൊന്നിച്ചു-
ണരണമറിയണമക്ഷരവിദ്യ.

**തിറയാട്ടം- പി.കെ.തങ്കപ്പൻപിള്ള**

(ചുടല- ഒരു വശത്ത് നാറാണത്ത് പ്രാന്തൻ ഇരിക്കുന്നു-കാളികൂളികൾ കടന്നുവരുന്നു)
കാളി- ആരാ ഈ അസമയത്ത്?
പ്രാ- നീയാരാ?
കൂളി- ഊരോ പേരോ?
പ്രാ- രണ്ടും അറിയണം.
കൂളി- ജനിച്ചത് അന്ധകാരയുഗത്തിൽ. പേര് അജ്ഞാതപ്പേക്കാളി.. ആട്ടേ നീയാരാ?
പ്രാ- ഞാനൊരു മനുഷ്യൻ.
കാളി- മനുഷ്യർക്ക് അധിവസിക്കേണ്ട സമയവും സ്ഥലവുമല്ലല്ലേ ഇത്.
പ്രാ- മനുഷ്യർക്ക് എവിടേയും അധിവസിക്കാം

കാളി- തർക്കുത്തരം പറയുന്നോ, പാതിരാനേരം ചുടലയിൽ വന്ന്
പ്രാ-ഇവിടെ ചുടലയാക്കിയത് ഞാനല്ല.
കാളി- എന്റെ ചുടലനൃത്തത്തിന് സമയമായി.പേടിച്ചോടാതെ പൊയ്ക്കോ.. കൂളികളെ നമുക്ക് തുട ങ്ങാം.
തികിത തകതക തികിത തകതക തകതാരോ
തെയ് താര തെയ് തെയ്
തികിത തകതക തികിത തകതക തകതാരോ
തെയ് താര തെയ് തെയ്
അന്ധകാരയുഗത്തിൽ വാണവളേ മാനവരാശി
ക്കിണ്ടലേറെ വരുത്തിവച്ചവളെ
തെയ് താരാ തെയ് താ
തികിത തകതക തികിത തകതക തകതാരോ
തെയ് താര തെയ് തെയ്
(പേടിപ്പിക്കുന്നു)
പ്രാ- എന്നെ ഭയപ്പെടുത്താൻ നിന്നെക്കൊണ്ടാവില്ല. ഒന്നു പോയാട്ടെ
കാളി-ഇത്രയും പേടിയില്ലാത്ത ഒരു മനുഷ്യനെ ഞാൻ ഇതുവരെ കണ്ടിട്ടില്ല. നിനക്ക് എന്തു വരമാണ് വേണ്ടത്?
കൂളി- ചോദിച്ചോളോ സന്തോഷം കൊണ്ടാ..
പ്രാ- എന്റെ വലതു കാലിലെ മന്ത് ഇടതു കാലിലേക്ക് മാറ്റിത്തരാൻ ഞാനാവശ്യപ്പെടുമെന്ന് നീ കരു തുന്നുണ്ടാവും.. നീയൊന്ന് പോയാട്ടേ..
കാളി-തികിത.. (നൃത്തം ചവിട്ടുന്നു)
ആധിവ്യാധികളുച്ച നീചത്വം ദാരിദ്ര്യപീഢനം
ബാധകൾക്കു നിദാനമായവളെ
തെയ്താര തെയ്താ തികിത..
പ്രാ- താതിന്ത താതിന്ത തോതിന്ത തെയ് തെയ്
താതിന്ത താതിന്ത തോതിന്ത തെയ് തെയ്
എന്നെയും നിന്നേയും കാക്കുന്ന പന്തം
എന്നെന്നും ലോകത്തെ മാറ്റുന്ന പന്തം
മർത്യരെ മർത്യരായ് തീർത്തൊരു പന്തം
അക്ഷരപന്തം അറിവിന്റെ പന്തം..
താതിന്ത...
ജാതിമതങ്ങൾക്കതീതമീ പന്തം
ജാതരായോർക്കൊക്കെ വേണ്ടതീ പന്തം
ചോരരാരും വന്നെടുക്കാത്ത പന്തം
അക്ഷരപ്പന്ത മറിവിന്റെ പന്തം
താതിന്ത..
കാളി— തികിത..
ആർക്കുമവഗണനക്കൊടും ദുഖം ഏല്പിക്കുമോളെ
നാക്കുവാക്കിനിളക്കിടാത്തവളെ
തെയ് താരാ തെയ് തെയ്
തികിത.. അ
പ്രാന്തനും കൂട്ടരും
താതിന്ത..
നാളേക്കു നമ്മെ നയിക്കുന്ന പന്തം
നാടാകെ ശോഭ പരത്തുന്ന പന്തം
നാമൊന്നെന്നുള്ളിൽ വരുത്തുന്ന പന്തം
അക്ഷരപ്പന്ത മറിവിന്റെ പന്തം
താതിന്ത..
കൂളി- തികിത തകതക
മർത്യലോക പുരോഗതിക്കെതിരായ് വർത്തിക്കുമോളെ

തുഷ്ടി പോക്കി നിരാശ തന്നവളെ
തെയ് താര തെയ് താ
പ്രാന്തനും കൂട്ടരും-
പട്ടിണിക്കാരെ എടുക്കുവിൻ പന്തം
അധ്വാനിപ്പോരെ എടുക്കുവിൻ പന്തം
മർദ്ദിത പീഢിത ദുഖിതരേന്തുവിൻ
അക്ഷരപ്പന്തമറിവിന്റെ പന്തം.
കാളിയും കൂട്ടരു ഓടുന്നു.. സദസ്യർ പ്രാന്തന്റെ ഗ്രൂപ്പിൽ ചേർന്ന് കളിച്ചു മറയുന്നു.

**അ ആ ഇ ഈ**

അ അമ്മ അന്നം അറിവ്
ആ ആനയെഴുന്നള്ളത്ത്
ഇ ഇല്ലം വല്ലം നിറ നിറ
ഈ ഈണം ഈരേഴുലകം
ഉ ഉണരുക ഉയരുക വാനിൽ
ഊ ഊറ്റം ഊനം മൗനം
എ എതിര് കതിര് പതിര്
ഏ ഏലം പൂക്കണ മലയും
ഒ ഒന്ന് ഒരുവൻ ഒടുക്കം
ഓ ഓണം ഓലേഞ്ഞാലി
ഐ ഐക്യം ഐരാവതവും
ഔ ഔചിത്യത്തിൻ മികവ്
അം അംബരമമ്പിളിമാമൻ
(അക്ഷരപ്പുലരി-കാസർഗോഡ് ജില്ല)

**കിങ്ങിണിക്കൂട്ടം- എ സുഹൃത്ത്കുമാർ**

കതിരണിയും പാടങ്ങൾ കൊണ്ടുവന്നെ ഞങ്ങൾ
കുളിരണിയും മേടുകൾ കണ്ടുവന്നേ
പഴമൊഴിയുടെ പടവിറങ്ങി
പനയോലത്തുമ്പിലാടി
പാടിപ്പറന്നുവാരും
കിങ്ങിണിക്കൂട്ടം കിക്കിളിക്കൂട്ടം
ഇന്നലെകൾ നമ്മിലുടെ പുനർജ്ജനിക്കും
നാളെയുടെ നാമ്പുനാട്ടി നമ്മൾ ചിരിക്കും
ഇന്നിലൂടെ നാം വളർന്നു നാടിന്റെ കരുപിടിക്കും
ഇരുളുചീന്തിപ്പുതിയ ലോക പാതയൊരുക്കും
ഇത്തിരിക്കൂട്ടം ഈ കിളിക്കൂട്ടം
അറിവുകളുടെ ഖനി തുരക്കും
നമ്മളരുതുകളുടെ കടപുഴക്കും
അഖിലരുമവിടൊന്നു ചേരും
അതുകണ്ടിട്ടാനന്ദച്ചുവടുവയ്ക്കും
ഇത്തിരിക്കൂട്ടം കിക്കിളിക്കൂട്ടം
ആരുമന്യരല്ല നമ്മിൽ
ഉച്ചനീചചിന്തിയില്ല
ഉണ്മയായൊരുറച്ചൊരൈക്യ
ബോധമുള്ളിലെന്നുമുണ്ട്
മാനവത്വമെന്ന ഗാഥ പാടി വരുന്നേ
ഞങ്ങളീക്കിളിക്കൂട്ടം ഇത്തിരിക്കൂട്ടം
കിങ്ങിണിക്കൂട്ടം..കിക്കിളിക്കൂട്ട

## അക്ഷരലോകം-മുല്ലനേഴി

ഒന്നാം സംഘം
അയിലൂടെ ചെന്നിട്ടും
ഇയിലൂടെ ചെന്നിട്ടും
അക്ഷരം മാത്രം തന്നില്ല
സൂര്യനുദിച്ചിട്ടും ചന്ദ്രനുദിച്ചിട്ടും
അക്ഷരം മാത്രമുദിച്ചില്ല.
രണ്ടാം സംഘം
അക്ഷരം തന്നാൽ നിയെന്തു ചെയ്യും
ഒന്നാം സംഘം
അക്ഷരം കൊണ്ടുഞാനമ്മാനാടും
രണ്ടാം സംഘം
മേലോട്ട് നോക്കിനീയമ്മാനാടി പൊങ്ങി
മേലോട്ട് മോലോട്ട് പോയാലെ
ഒന്നാം സംഘം
അങ്ങനെ പോകുന്നതാരെന്നറിയാനും
അക്ഷരം കിട്ടീയാൽ കൊള്ളാലോ
രണ്ടാം സംഘം
സർക്കാർ നൽകുന്ന സൗജന്യമൊക്കെനീ
തൽക്കാലത്തേക്കായെടുക്കുന്നു
ഒന്നാം സംഘം
സൗജന്യം വാങ്ങേണ്ട ഗതികേടുതന്നതു
സൗകര്യം കൂടിയോരാണല്ലോ
രണ്ടാം സംഘം
അക്ഷരം കിട്ടുന്നതിൻമുമ്പീഹുങ്കെങ്കിൽ
അക്ഷരം കിട്ടിയാലെന്താകും
ഒന്നാം സംഘം
തോളത്തുകേറുവാനാരു വന്നാലും
താഴത്തെ മണ്ണുവിളിക്കൂല
രണ്ടാം സംഘം
അയ്യയ്യെ തോന്ന്യാസം കാട്ടുവാനാണങ്കിൽ
അക്ഷരം നിങ്ങൾക്ക് കിട്ടില്ല
ഒന്നാം സംഘം
തോന്നിവാസങ്ങൾക്കറുതിവരുത്തുവാൻ
അക്ഷരം ഞങ്ങൾ പഠിക്കൂലോ
നന്നായ് പഠിച്ചിട്ട് നന്നായറിഞ്ഞിട്ട്
നല്ലൊരു ലോകമുണ്ടാക്കൂലോ
നല്ല ലോകത്തിന്റെ പാട്ടുപാട്
ഇനിയുള്ളോര് മാനുഷരാകട്ടെ

## അക്ഷരവാനം-മുല്ലനേഴി

അക്ഷരം തൊട്ടുതുടങ്ങാം നമുക്കൊരേ
ആകാശം വീണുകിട്ടാൻ
ഇന്നലേയോളം നാം കണ്ട കിനാവുകൾ
ഈ ജന്മം തന്നെ നേടാൻ (അക്ഷരം...)
ഉള്ളവർ ഇല്ലാത്തവരെന്ന ഭേദമീ
ഊഴിയിലില്ലാതെയാക്കാൻ
ഋതുചക്രരഥമേറി മാനവ ജീവിതം
എവിടെയും പൂക്കുന്നതാക്കാൻ
അക്ഷരം....

ഏതു കുലം ഭാഷ ജാതിയെന്നു നോക്കാതെ
ഐകമത്യത്തിൻ വഴിയിൽ
ഒന്നായി മാനവരെത്തുന്നതും കാത്തോ-
രോണവില്ലെന്നും മുഴങ്ങും
അക്ഷരം.....
ഔദാര്യമല്ലാർക്കും ഭൂവിലെ ജീവിതം
അമ്മ നൽകുന്ന സമ്മാ നാമൊരേ
ആകാശം നേടിയില്ലല്ലോ
അമ്മയെ ഭൂമിയെ നമ്മളെക്കാണുമ്പോൾ
ആകാശമുള്ളിൽ തെളിയും.

### പുതിയ പാട്ട് -ഏഴാച്ചേരി

ഭർത്താവീശ്വരനെന്നല്ലോ
പണ്ട് മുത്തശ്ശി പഠിപ്പിച്ചു
കാലത്തെഴുന്നേറ്റാൽ വന്ദിക്കേണം
കാലുകഴുകിക്കുടിക്കേണം
ചന്ദനം പൂശിയിരുത്തേണം-നമ്മൾ
ശീലാവതിയുടെ പിന്മുറക്കാർ
ഭർത്താവു നമ്മളെ തല്ലിയാലും
നമ്മളടിമകളാണല്ലോ
മദ്യപിച്ചാലോ-സഹിക്കേണം
പട്ടിണിക്കിട്ടാൽ-പൊറുക്കണം
കണ്ടേം തെണ്ടി നിരങ്ങിയാലും നമ്മൾ
കണ്ടില്ലെന്ന് നടിക്കേണം,എല്ലാം
ഈശ്വര കൽപിതമോർക്കേണം
തിം തിമിത്തോം തെയ്താരതക
തിന്തകം താരാ തെയ്താരോ-
സംഘം1- പേരൊന്നെഴുതാനും വായിക്കാനും
ഇന്നോളമാകാത്ത പെണ്ണുങ്ങളെ
എന്താണു കണ്ണിൽ തിളതിളക്കം-നിങ്ങൾ
ക്കെന്താണു കണ്ണിൽ പുതു തിളക്കം
സംഘം2- കൂട്ടിവായിക്കാൻ പഠിച്ചു ഞങ്ങൾ
കൂട്ടത്തിൽ ഞങ്ങളിന്നൊറ്റയല്ല
കണക്കുകൂട്ടാൻ കത്തെഴുതാനും
ചങ്ങാതി വേണ്ട തുണവേണ്ട
സംഘം1-അക്ഷരമംഗലം നേടിയോരേ
പുതിയവെട്ടത്തിന്റെ കൂട്ടുകാരെ
പുത്തനായെന്തെന്നറിഞ്ഞു നിങ്ങൾ
അത്തരം കാരിയം ചൊന്നാട്ടെ
2- ഒന്നാമതെല്ലാം തലവിധിയാണെന്ന
കന്നത്തം കാട്ടിലെറിഞ്ഞു ഞങ്ങൾ
നമ്മൾ നിനച്ചാൽ മാറ്റാൻ കഴിയാത്ത
തൊന്നുമീ മന്നിലില്ലെന്നറിഞ്ഞു
1-അക്ഷരമംഗലം നേടിയോരെ
പിന്നീടെന്തു പഠിച്ചൂ നിങ്ങൾ
അത്തരം കാരിയം ചൊന്നാട്ടെ
പുതിയ വെട്ടത്തിന്റെ കൂട്ടുകാരെ
2-തുല്ല്യാവകാശങ്ങളുള്ള മനുഷ്യർ നാം
അടിമകളെല്ലെന്നാരറിഞ്ഞു
തുമ്മിയാൽ വാടുന്ന തൊട്ടാലുരുകുന്ന

കണ്ണീരിൻ മോളെന്ന കള്ളപ്പേര്
ഇല്ലാതാക്കണം തന്റേടം കാട്ടണം
പെണ്ണൊരുമ്പെട്ടാൽ നടക്കുമെല്ലാം
പെണ്ണിന്റെ കയ്യിൽ മുറുകിക്കിടക്കുന്ന
ചങ്ങലകൾ പൊട്ടിച്ചെറിയാം
ഈ മണ്ണിലൊരു പുതിയ ലോകം ചമയ്ക്കാൻ
തൊളോട് തോൾ ചേർന്നുനിൽക്കാം

## സായിപ്പു പോയി

എസ്.പി.എൻ. മഞ്ചേരി

എന്താണ് നമ്മുടെ നാടിന്റെ സ്ഥിതി? സായിപ്പു പോയി. പക്ഷെ നാം ഇന്നും അവന്റെ ഭാഷക്കും അവന്റെ സംസ്കാരത്തിനും അടിമയാണ്.

ഒരാൾ : ഹേ മാഷേ! നമ്മുടെ നാട്ടിൽനിന്ന് സായിപ്പന്മാരു പോയിട്ട് കാലം കുറെയായില്ലേ?

രണ്ടാമൻ : കാലം കുറേ ആയെന്നുപറഞ്ഞാൽ അതിനൊരു കണക്കൊക്കെയില്ലേ?

ഒന്നാമൻ : ഉദ്ദേശം ഒരു പത്തുമുപ്പതുകൊല്ലമായി കാണില്ലേ?

രണ്ടാമൻ : മുപ്പതല്ല.

മൂന്നാമൻ : ഹേ, മുപ്പത്താറുകൊല്ലം കഴിഞ്ഞു.

നാലാമൻ : അല്ലാ! അപ്പഴേ, മുപ്പത്താറുകൊല്ലം കഴിഞ്ഞെന്നുവച്ച് ഇവിടെന്താ ഒരു കുഴപ്പം!

(എല്ലാവരും കൂടി അയാളെ പരിഹസിക്കുന്നു.)

നാലാമൻ : നിങ്ങൾ പരിഹസിക്കുകയാണോ?

അഞ്ചാമൻ : പരിഹസിച്ചതല്ല, നിങ്ങളെപ്പോലെ വിദ്യാഭ്യാസവും നല്ല ഒരു ഉദ്യോഗവുമുള്ള ആള് ഇങ്ങനെ ചോദിക്കുന്നല്ലോ എന്നോർത്ത് ചിരിച്ചതാ.

ആറാമൻ : വിദ്യാഭ്യാസം ഉണ്ടെന്നുവച്ച് വിവരം ഉണ്ടാകണമെന്ന് ഇല്ലല്ലോ?

നാലാമൻ : അപ്പോൾ നിങ്ങൾ കളിയാക്കാൻ തന്നെയാണ് ഭാവം.

(പിണങ്ങിപോകുന്നു, മറ്റുള്ളവർ ചേർന്ന് തിരിച്ചുകൊണ്ടുവരുന്നു.)

ഗായകൻ : മാഷേ, ഞങ്ങൾ നിങ്ങളെ പരിഹസിക്കാൻവേണ്ടി ചിരിച്ചതല്ല. സായിപ്പുപോയിട്ട് മുപ്പത്താറു വർഷം കഴിഞ്ഞു. ശരിതന്നെ. പക്ഷേ, നമ്മൾക്ക് ഇപ്പോഴും ആ....

സായിപ്പിൻ ഭാഷയിലല്ലാതീനാട്
ഭരിയ്ക്കുവാനാവില്ലല്ലോ....

എല്ലാവരും : അയ്യയ്യേ നാണക്കേട്!

ഗായകൻ : സായിപ്പുപോയിട്ട് മുപ്പതു വർഷത്തിലേറെ കഴിഞ്ഞല്ലോ-നമുക്കാ
സായിപ്പിൻ ഭാഷയിലല്ലാതീനാട് ഭരിക്കുവാനാവില്ലല്ലോ.

(സംഘം ഏറ്റുപാടുന്നു.)

ഗായകൻ : നൂറ്റുക്കെഴുപതുപേരും നിരക്ഷരകുക്ഷികളാണല്ലോ-മനസ്സിൽ
കാറ്റും വെളിച്ചവും കേറാതെവാഴുന്ന കാപ്പിരിമാരല്ലോ (സംഘം)
അക്ഷരംപോലുമറിയാത്ത ഞങ്ങളെ ഇട്ടുവിരട്ടല്ലേ-ബിലാത്തി-
അക്ഷരംകേട്ടുവിറയ്ക്കുമെന്നോർത്തിനിപത്രാസുകാട്ടല്ലേ (സംഘം)
ഞങ്ങളെ ഞങ്ങൾക്കറിയുന്ന ഭാഷയിൽ എന്തേ ഭരിക്കാത്ത-ഇവിടെ-
ചുമ്മാതെയാണോ നിരർഥകമാകുന്നു ഇന്ത്യൻ ജനാധിപത്യം (സംഘം)
സായിപ്പ്.... (സംഘം)

ഗായകൻ : കോളേജു വേണ്ടാ

സംഘം : വേണ്ടേ, വേണ്ട.

ഗായകൻ : കോളേജുവേണ്ട.

നാലാമൻ : ഹെയ്, കോളേജുവേണ്ടാന്നോ.

ഒരാൾ : കോളേജു വേണ്ടാന്നാ പറഞ്ഞത്.

നാലാമൻ : ഇതുവരെ പറഞ്ഞതൊക്കെ ഞാൻ സമ്മതിച്ചു. പക്ഷെ ഇത് ഞങ്ങളുടെ വയറ്റിപ്പിഴപ്പിന്റെ പ്രശ്നമാണ്.

മറ്റൊരാൾ : നിങ്ങളുടെ വയറ്റിപ്പിഴപ്പിന്റെ പ്രശ്നമല്ലിവിടെ.

നാലാമൻ : പിന്നെന്തായിപ്പ വേണ്ടത്?

രണ്ടാമൻ : വേണ്ടതേ- ഞങ്ങൾക്കു രണ്ടക്ഷരം കാണിച്ചുതന്നാട്ടെ-

മൂന്നാമൻ : അതുമാത്രംപോരാ-
ശരിയായി പേരൊന്നെഴുതാനും വായിക്കാനും
പരിശീലനം തന്നാട്ടെ....

നാലാമൻ : അതു വേണ്ടതാ

ഗായകൻ : ആണല്ലോ? എന്നിട്ടുമതി കോളേജ്.

സംഘം : കോളേജു വേണ്ട ഞങ്ങൾക്കു രണ്ടക്ഷരം കാണിച്ചുതന്നാട്ടെ-ശരിയായ്-
പേരൊന്നെഴുതാനും വായിക്കാനും പരിശീലനം തന്നാട്ടെ
സായിപ്പുപോയിട്ട്....

ഗായകൻ : നമ്മുടെ ഭാഷയിൽതന്നെ പഠിക്കണം. നമ്മുടെ കുഞ്ഞുങ്ങൾ.

നാലാമൻ : ഹേയ്, നിർത്ത്

(സംഘം അസ്വസ്ഥത കാട്ടുന്നു.)

ഞാൻ പറയന്നതു കേൾക്ക്,

ഗായകൻ : പറഞ്ഞുതൊലയ്ക്ക്.

നാലാമൻ : അതുമാത്രം പോരാ-നമ്മുടെ ഭാഷയിൽതന്നെ ഭരിക്കണം-നമ്മളെയെന്നാളും....

(സംഘം മതിപ്പ് പ്രകടിപ്പിക്കുന്നു.)

ഗായകൻ : എപ്പഴാ വിവരംവച്ചത്?

നാലാമൻ : ദേ, ഇതൊക്കെ കേട്ടപ്പഴ്.

സംഘം : നമ്മുടെ ഭാഷയിൽത്തന്നെ പഠിക്കണം
നമ്മുടെ കുഞ്ഞുങ്ങൾ-അതും പോര-
നമ്മുടെ ഭാഷയിൽത്തന്നെ ഭരിക്കണം നമ്മളെയെന്നാളും
സായിപ്പുപോയിട്ട് മുപ്പതുവർഷത്തിലേറെക്കഴിഞ്ഞല്ലോ-നമുക്കാ-
സായിപ്പിൻ ഭാഷയിലല്ലാതീനാട് ഭരിക്കുവാനാവില്ലല്ലോ (2)